ത്രിതല പഞ്ചായത്തുകളിലേക്ക് തെരഞ്ഞെടുക്കപ്പെട്ടവർ

95 (1564) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ഓരോ രാഷ്ട്രീയ പാർട്ടികളിലും പ്രസ്തുത പാർട്ടികളുടെ പിന്തുണയോടെ സംസ്ഥാനത്ത് എത്ര പഞ്ചായത്ത്, ജില്ലാപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ, പ്രസിഡന്റുമാർ വൈസ് പ്രസിഡന്റുമാർ എന്നിവർ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട് ; ലിസ്റ്റ് ലഭ്യമാക്കുമോ ;

(ബി) ഇപ്പോൾ ഇതിൽ എത്ര പഞ്ചായത്തുകളിൽ ഭരണമാറ്റമുണ്ടായി ; ഓരോ രാഷ്ട്രീയ പാർട്ടികളിലുംപെട്ട പഞ്ചായത്ത് പ്രസിഡന്റുമാർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ എന്നിവരുടെ ലിസ്റ്റ് ലഭ്യമാക്കുമോ ;

(സി) അടുത്ത പഞ്ചായത്ത് തെരഞ്ഞെടുപ്പ് എപ്പോഴാണ് നടത്താൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി) 159 ഗ്രാമപഞ്ചായത്തുകളിലും 21 ബ്ലോക്ക് പഞ്ചായത്തുകളിലും 4 ജില്ലാ പഞ്ചായത്തുകളിലും ഭരണമാറ്റമുണ്ടാക്കിയിട്ടുണ്ട്. വിശദവിവരം *അനുബന്ധമായി ചേർത്തിട്ടുണ്ട്.

(സി) തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതികളുടെ കാലാവധി തീരുന്ന മുറയ്ക്ക് പുതിയ തെരഞ്ഞെടുപ്പ് നടത്താമെന്നാണ് ഉദ്ദേശിക്കുന്നത്.

സ്ഥാനാർത്ഥികൾ നാമനിർദ്ദേശ പത്രികയോടൊപ്പം നൽകേണ്ട സത്യവാങ്മൂലം സംബന്ധിച്ച സുപ്രീംകോടതി നിർദ്ദേശം

96 (1565) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിലെ സ്ഥാനാർത്ഥികൾ അവരുടെ സ്വത്തുവിവരം, വിദ്യാഭ്യാസയോഗ്യത, ക്രിമിനൽ പശ്ചാത്തലം എന്നിവ സംബന്ധിച്ച സത്യവാങ്മൂലം നാമനിർദ്ദേശ പത്രികയോടൊപ്പം സമർപ്പിക്കണമെന്ന സുപ്രീംകോടതി നിർദ്ദേശം സംസ്ഥാനത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച് എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly